# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3282

## 14.07.2015 ലെ മറുപടിക്ക്

## എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

| ചോദ്യം<br>**ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ** | ഉത്തരം<br>**ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) എം.എൽ.എമാർക്ക് അനുവദിച്ചിട്ടുള്ള ആസ്തിവികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയ പരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കൂടുതലായി സമർപ്പിക്കപ്പെട്ടതും ധനകാര്യ (നോഡൽ) വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ അല്പം കാലതാമസം സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പേരാമ്പ്ര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ ആട്ടോത്ത് താഴ പാലം നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ? | ടി പ്രവൃത്തിക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി 06.07.2015 ൽ ധനകാര്യ വകുപ്പ് ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

Sreekumar AL

**സെക്ഷൻ ഓഫീസർ**